# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 126 | 14.06. 2013 -ൽ മറുപടിയ്ക്ക്

## പാൻ മസാല നിരോധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി | |
| (എ) | സംസ്ഥാനത്ത് പാൻ മസാല നിരോധിച്ചതായി അറിയാമോ : | (എ) | നിരോധിച്ചിട്ടുണ്ട്. പാൻ മസാല തുടങ്ങി ആരോഗ്യത്തിന് ഹാനികരമായ ലഹരി വസ്തുക്കളുടെ വില്പനയും ഉപഭോഗവും സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ സംസ്ഥാനത്തുടനീളം കർശനമായി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ നിരോധനം നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ : | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാൻമസാല പിടിച്ചെടുത്ത് നശിപ്പിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്യുന്നു. ഇപ്രകാരം നിയമവിരുദ്ധമായി പാൻ മസാല കച്ചവടം നടത്തുവന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഗ്രാമസഭകളിലും അയൽക്കൂട്ടങ്ങളിലും ഇത് സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. |
| (സി) | സ്കൂൾ പരിസരങ്ങളിൽ തദ്ദേശസ്ഥാപന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാരും, പഞ്ചായത്ത് മെമ്പർമാരും പി. റ്റി. എ. അംഗങ്ങളും ചേർന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | നിരോധനം കർശനമാക്കുന്നതിന് ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) | ഫുഡ് സേഫ്റ്റി അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, എക്സൈസ്, ആരോഗ്യം എന്നീ വകുപ്പുകളും സ്കൂൾ പി. റ്റി. എ യും ചേർന്നാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ